# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXX | APRIL 2024 | No. 06


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

സങ്കീർത്തനങ്ങൾ 34:1 – 10

01. ഞാൻ യഹോവയെ എല്ലാകാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും.

02. എന്റെ ഉള്ളം യഹോവയിൽ പ്രശംസിക്കുന്നു; എളിയവർ അതു കേട്ടു സന്തോഷിക്കും.

03. എന്നോടു ചേർന്നു യഹോവയെ മഹിമപ്പെടുത്തുവിൻ; നാം ഒന്നിച്ചു അവന്റെ നാമത്തെ ഉയർത്തുക.

04. ഞാൻ യഹോവയോടു അപേക്ഷിച്ചു; അവൻ എനിക്കു ഉത്തരമരുളി എന്റെ സകല ഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു.

05. അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല.

06. ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു; അവന്റെ സകലകഷ്ടങ്ങളിൽനിന്നും അവനെ രക്ഷിച്ചു.

07. യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.

08. യഹോവ നല്ലവൻ എന്നു രുചിച്ചറിവിൻ; അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ.

09. യഹോവയുടെ വിശുദ്ധന്മാരേ, അവനെ ഭയപ്പെടുവിൻ; അവന്റെ ഭക്തന്മാർക്കു ഒന്നിനും മുട്ടില്ലല്ലോ.

10. ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മെക്കും കുറവില്ല.

# നിങ്ങളെ വിടുവിക്കാൻ ഒരു രക്ഷകനുണ്ട്, ഭയപ്പെടേണ്ട!

## THERE IS A SAVIOUR TO DELIVER YOU! DO NOT FEAR!!



*സിസ്റ്റർ. ജെസ്സി വീണ സാം*

നമ്മുടെ രക്ഷകനായ ക്രിസ്തു ഈ നാളുകളിൽ നമ്മെ നയിച്ചുകൊണ്ടിരിക്കുന്നു. വേദപുസ്തകത്തിന്റെ കാലഘട്ടങ്ങളിൽ ഇതേ കർത്താവായ ദൈവം ജനങ്ങളുടെ നിലവിളി കേൾക്കുകയും, അവരുടെ യാചനകൾ ശ്രദ്ധിക്കുകയും, എല്ലാ അപകടങ്ങളിൽനിന്നും അവരെ വിടുവിക്കുകയും അവർക്കു രക്ഷ നൽകുകയും ചെയ്തു. വേദപുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന വ്യക്തികൾ മുഖേന ദൈവം എങ്ങനെയാണ് ചിലരെ രക്ഷിച്ചതെന്ന് നമുക്ക് പരിശോധിക്കാം.

## 1. മോശെ

മോശെ യിസ്രായേൽ ജനതയെ എങ്ങനെ രക്ഷിച്ചു എന്നും, ഏതു തരത്തിലുള്ള അവസ്ഥയിൽ നിന്നാണ് എന്നും നമുക്ക് ആദ്യം പരിശോധിക്കാം. പുറപ്പാടിന്റെ രണ്ടാം അദ്ധ്യായത്തിൽ മോശെയുടെ ജനനത്തെക്കുറിച്ച് പറയുന്നു. യോസേഫിലൂടെ യിസ്രായേൽ ജനം മിസ്രയീമിൽ തുടക്കത്തിൽ സ്വാതന്ത്ര്യം അനുഭവിച്ചു. പിന്നീട് അതേ രാജ്യത്തിൽ തന്നെ

3-ാം പേജിൽ തുടരും...




**Echo of His Call**

*Christian YouTube Channel!*

An opportunity to pray with **Pr. S. Sam Selva Raj!**

Message & Prayer in 5 minutes!!

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

★ Please Subscribe and Share ★

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

REACHING NATIONS

## *from your dearly beloved brother...*



**"...The LORD will be your confidence, and will keep your foot from being caught - Proverbs 3:26.**



**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


HON. EDITOR-IN-CHIEF
Rev. Angeline S. Kumari, M.A., M.Sc., M.Ed.
HON. MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Sis. L. Mariya Anjalin, M.A., M.Sc., B.Ed.
Rev. Dr. K.R. Rajasekaran


EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.com
YOUTUBE CHANNEL
Echo of His Call


കർത്താവിൽ പ്രിയ സഹോദരങ്ങളേ!

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മഹത്വമുള്ള നാമത്തിൽ നിങ്ങൾക്ക് സ്നേഹവന്ദനം!

16 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസിക, 4 ഭാഷകളിലുള്ള യുട്യൂബ് ചാനൽ, 3 ഭാഷകളിലുള്ള അടിസ്ഥാന വേദപുസ്തക വിദൂര പഠന കോഴ്സ് (ബൈബിൾകോർ), 2 ഭാഷകളിലുള്ള തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്, 3 വ്യത്യസ്ത മേഖലകളിലുള്ള നെഹെമ്യ ബൈബിൾ കോളേജുകൾ, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ (ഗ്രാമീണ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ), മുഖ്യ സഭ, ശാഖാ സഭകൾ എന്നിവയുൾപ്പെടെയുള്ള ഞങ്ങളുടെ വൈവിദ്ധ്യമായ ശുശ്രൂഷകളിൽ നിന്നുമുള്ള നല്ല പ്രതികരണങ്ങളിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. ഈ ലോകത്തിൽ സുവിശേഷം അറിയിക്കുവാൻ ഞങ്ങളാലാവോളം പരിശ്രമിക്കുന്നു. നിങ്ങളുടെ പിന്തുണക്കായും ദയക്കായും ഞങ്ങൾ നന്ദിയർപ്പിക്കുന്നു. നിങ്ങളുടെ പ്രതികരണങ്ങൾക്കായി ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു.

2024 മാർച്ച് രണ്ടാം തിയതി നടന്ന സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ വിജയത്തെക്കുറിച്ച് നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഈ പരിപാടിയിൽ വിദ്യാർത്ഥികൾ അവരുടെ താലന്തുകൾ പ്രകടിപ്പിച്ചു. അനേകം രക്ഷിതാക്കളും കുട്ടികളും സമീപവാസികളും ഈ പരിപാടിയിൽ പങ്കെടുത്തു. ഇത് ഒരു സുവിശേഷയോഗം പോലെയും വിടുതൽ ശുശ്രൂഷകളെപ്പോലെയും ആയിരുന്നു. നിങ്ങളുടെ തുടർച്ചയായ പ്രാർത്ഥനകളിൽ ഞങ്ങൾ സന്തോഷിക്കുന്നു.




*Annual Day of St. Paul's Matriculation School*

2024 മാർച്ച് 3-ാം തീയതി സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ കാമ്പസിൽ വച്ച് കുട്ടികളുടെയും യുവജനങ്ങളുടെയും ഒരു റാലി സംഘടിപ്പിച്ചു. പ്രത്യേക ഗാനങ്ങൾ, സാക്ഷ്യങ്ങൾ, സന്ദേശങ്ങൾ എന്നിവ ഉൾപ്പെട്ട പരിപാടിയിൽ 100 ലധികം പേർ പങ്കെടുത്തു.

എല്ലാ ഞായറാഴ്ചകളിലും പള്ളിയിലെ ആരാധനക്കുശേഷം ചെറിയ കുട്ടികളുമായി ഞങ്ങൾ സംസാരിക്കാറുണ്ട്. ഈ കുട്ടികളെല്ലാം ദൈവത്തിന്റെ സ്നേഹത്തിൽ വളർത്തപ്പെട്ടവരാണ്. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലേക്കും നെഹെമ്യ ബൈബിൾ കോളേ



*Children and Youth Rally*

ജിലേക്കും ഹിന്ദി, തമിഴ് ഭാഷകളിലേക്ക് കൂടുതൽ വിദ്യാർത്ഥികളും അദ്ധ്യാപകരും നേതൃത്വനിരയിലുള്ളവരെയും ആവശ്യമുണ്ട്. കൂടാതെ 16 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസികയ്ക്കും കൂടുതൽ വായനക്കാരെ ആവശ്യമുണ്ട്. നിങ്ങളുടെ ബന്ധുക്കളുടെയും സ്നേഹിതരുടെയും വിലാസം ഞങ്ങൾക്കു തരികയാണെങ്കിൽ അവരുടെ ഭാഷകളിലുള്ള മാസിക ഞങ്ങൾ സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്. ഉർദു ഭാഷയിലുള്ള മാസികയ്ക്കും കൂടുതൽ വായനക്കാരെ ആവശ്യമുണ്ട്. ഏതുവിധേനയുമുള്ള ചെറുതും വലുതുമായ നിങ്ങളുടെ സഹായസഹകരങ്ങൾ ഞങ്ങൾ വളരെയധികം വിലമതിക്കുന്നു. ദൈവം നിങ്ങൾക്കു പ്രതിഫലം നൽകും.

ലോകത്തിലെ എല്ലാ രാജ്യങ്ങളുടെയും സമാധാനത്തിനും സമൃദ്ധിക്കുമായി ഞങ്ങൾ നിരന്തരമായി പ്രാർത്ഥിക്കുന്നു. പ്രത്യേകിച്ചും ഇന്ത്യയുടെ ആത്മീയ അഭിവൃദ്ധിക്കായും ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിങ്ങളുടെ കുടുംബത്തിന്റെയും രാജ്യത്തിന്റെയും മേൽ ദൈവത്തിന്റെ അനുഗ്രഹം ചൊരിയാനായി ഞങ്ങൾ അപേക്ഷിക്കുന്നു.



*Nehemiah Bible College  Board Meeting*

നെഹെമ്യ ബൈബിൾ കോളേജിന്റെ ഫാക്കൾറ്റി അംഗങ്ങൾ എല്ലാ മാസവും ചെയർമാനായ റവ. എം. മുത്തു, പുതുതായി ചാർജെടുത്ത പ്രിൻസിപ്പാൾ റവ. ജെ. ജോൺ രത്നം എന്നിവരുടെ നേതൃത്വത്തിൽ കൂടി വന്ന് വികസനത്തെക്കുറിച്ചും പതിവു പ്രവർത്തനങ്ങളെയും കുറിച്ച് ചർച്ച ചെയ്തു നടപ്പിലാക്കുന്നു.



*Prayer for students appearing Public Examination*

നിങ്ങളുടെ ഇമെയിലുകൾ, കത്തുകൾ, ഫോൺ കോളുകൾ എന്നിവ ലഭിക്കുന്നത് ഞങ്ങൾ വളരെയധികം വിലമതിക്കുന്നു. അത് ആത്മീയ യുദ്ധത്തിൽ മുന്നോട്ടു പോകുവാൻ ഞങ്ങൾക്ക് ശക്തി നൽകുന്നു. ഞങ്ങളുടെ ഓഫീസ് ജീവനക്കാർ, സഭയിലെ അംഗങ്ങൾ, അസ്സോസിയേറ്റ് എഡിറ്റർമാർ, പാസ്റ്റർമാർ, സുവിശേഷകർ, കുട്ടികളുടെ സണ്ടേസ്കൂളിലെ വിദ്യാർത്ഥികൾ, ഗ്രാമീണ ഹൈസ്കൂൾ നെഹെ മ്യ ബൈബിൾ കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ, അച്ചടിശാലയിലെ ജീവനക്കാർ, ഞങ്ങളുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി നിങ്ങളുടെ പ്രത്യേക പ്രാർത്ഥനകൾ ആവശ്യമായിരിക്കുന്നു. നിരവധി തൊഴിലാളികൾക്ക് ശാരീരികമായി സൗഖ്യമില്ല, ദയവായി അവരെയും നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുവിൻ.

ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

*ക്രിസ്തു യേശുവിൽ നിങ്ങളുടെ വേലക്കാർ*

**പാസ്റ്റർ സാം സെൽവരാജ്**
**പാസ്റ്റർ അലക്സ് സാംസൺ സാം**
(+91) 98412 71858/98410 71858
E-mail : sam@echoofhiscall.org

## വിളിയുടെ പ്രതിധ്വനി വായനക്കാർ ദയവായി ശ്രദ്ധിക്കുവിൻ

വിളിയുടെ പ്രതിധ്വനിയുടെ 5 മിനിട്ട് യുട്യൂബ് സന്ദേശങ്ങൾ എല്ലാ ദിവസവും രാവിലെ 2.00 മണിക്ക് തമിഴ്, തെലുങ്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ സംപ്രേഷണം ചെയ്യുന്നു. ഈ സന്ദേശങ്ങളിലൂടെ ദൈവകൃപ പ്രാപിക്കാൻ സാധിക്കും.

കൂടാതെ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ (+91)98410 71858, (+91)98412 71858 (പേഴ്സണൽ) എന്നീ എന്റെ നമ്പരുകൾ സേവ് ചെയ്യുവിൻ.

– പാസ്റ്റർ സാം സെൽവരാജ്

*1-ാം പേജിന്റെ തുടർച്ച...*

അവർ കഠിനമായ പെരുമാറ്റത്തിനും കാരണമായി അടിമകളായി മാറി. അവർ തങ്ങളുടെ തെറ്റുകൾ മനസ്സിലാക്കി കർത്താവിനോടു നിലവിളിച്ചു.

യിസ്രായേൽ ജനം 400 വർഷത്തേക്ക് മിസ്രയീമിൽ അടിമകളായിരിക്കുമെന്ന് ദൈവം അബ്രഹാമിനോട് മുൻകൂട്ടി പറഞ്ഞിരുന്നു (ഉല്പത്തി 15:13). "എന്നാൽ നാലാം തലമുറക്കാർ ഇവിടേക്കു മടങ്ങിവരും" എന്നു ഉല്പത്തി 15:16 ൽ പ്രവചിച്ചിട്ടുണ്ട്. കർത്താവ് തന്റെ വാഗ്ദത്തം നിറവേറ്റി, യിസ്രായേല്യരുടെ നിലവിളി കേട്ടു.

യിസ്രായേല്യർ വേദന സഹിക്കുവാൻ കഴിയാതെ ദൈവത്തോടു നിലവിളിച്ചു. "കർത്താവേ, ഞങ്ങളോടു കരുണയുണ്ടാകേണമേ, ഫറവോന്റെ ദുഷ്ട കരങ്ങളിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ, ഞങ്ങളുടെ പൂർവ്വികർക്കു അങ്ങ് വാഗ്ദത്തം ചെയ്തിരുന്ന പാലും തേനുമൊഴുകുന്ന കാനാൻ ദേശം ഞങ്ങൾ എപ്പോഴാണ് അവകാശമാക്കുന്നത്? എപ്പോഴാണ് ഞങ്ങൾക്ക് ദൈവത്തെ സ്വാതന്ത്ര്യത്തോടെ ആരാധിക്കുവാനും ബലിയർപ്പിക്കുവാനും കഴിയുക?"

തന്റെ ജനത്തെ, അവരുടെ കഴിവിന്റെ പരിധിയിൽ നിറുത്തി പരീക്ഷിച്ചുകൊണ്ടിരുന്ന ദൈവം അവരുടെ നിലവിളി കേട്ടു. അവരുടെ വഴിപിഴച്ചുപോയിട്ടും, അവർ അനുതപിച്ചു കരുണ കാണിക്കാൻ കർത്താവിനോടു നിലവിളിച്ചപ്പോൾ, ദൈവം സ്നേഹനിർഭരമായ ഹൃദയത്തോടെ ശ്രദ്ധവച്ചു കേട്ട് അവരോട് കരുണ കാണിച്ചു.

ഫറവോന്റെ ശക്തമായ കരങ്ങളിൽ നിന്ന് തന്റെ ജനത്തെ വിടുവിക്കുവാൻ ദൈവം മോശെയെ തിരഞ്ഞെടുത്തു. തന്റെ അമ്മയുടെ ഉദരത്തിൽ വെച്ചുതന്നെ രക്ഷകനായി നിയോഗിക്കപ്പെട്ട മോശെ (സങ്കീർത്തനങ്ങൾ 139:16) മിസ്രയീമിൽ രണ്ടു വയസ്സിനു താഴെയുള്ള എല്ലാ ആൺകുട്ടികളെയും കൊല്ലുവാൻ ഫറവോൻ ഉത്തരവിട്ടപ്പോൾ അത്ഭുതകരമായി സംരക്ഷിക്കപ്പെട്ടു. മൂന്നു മാസം പ്രായമാകുന്നതുവരെ മോശെയുടെ മാതാവ് അവനെ ഒളിപ്പിച്ചുവച്ചു. ഇനി കൂടുതൽ അവനെ ഒളിപ്പിക്കാൻ സാധിക്കുകയില്ല എന്ന് മനസ്സിലായപ്പോൾ ഞാങ്ങണ കൊണ്ട് ഒരു പെട്ടകം ഉണ്ടാക്കി തിമിംഗലങ്ങൾ നിറഞ്ഞ നൈൽ നദിയിൽ കൊണ്ട് ഒഴുക്കി വിട്ടു.

ഫറവോന്റെ കൊട്ടാരത്തിൽ രാജകുമാരനായ വളർന്ന മോശെ അബദ്ധവശാൽ ഒരു മിസ്രയീമ്യന്റെ അന്തകനായി. താൻ ഒരു എബ്രായനാണെന്ന് കണ്ടെത്തിയ മോശെ മരുഭൂമിയിലേക്ക് പാലായനം ചെയ്തു. മോശെ 40 വർഷം ഇടയനായിരുന്ന കാലയളവിൽ ദൈവം അവനെ തന്നോടൊപ്പം ചേർത്തുകൊള്ളുകയും അവന് ദർശനം നൽകുകയും ചെയ്തു.

മോശെ ഒരു മുൾപടർപ്പു കത്തുന്നതു കണ്ടു. ആ പടർപ്പ് കത്തുന്നു എങ്കിലും അതിന്റെ ഇലകൾ കരിയുന്നില്ലായിരുന്നു. അത്തരത്തിൽ ഇലകൾ കത്താതെ മുൾപടർപ്പു മാത്രം കത്തുന്ന പ്രതിഭാസം എന്താണെന്ന് അറിയുവാനുള്ള ആകാംക്ഷയോടെ അവൻ അടുത്തു ചെന്നു. അപ്പോൾ ദൈവം മോശെയെ വിളിച്ചു: "മോശേ, മോശേ, ഞാൻ യിസ്രായേൽ മക്കളുടെ നിലവിളി കേട്ടു, നീ മിസ്രയീമിൽ ചെന്ന് ഫറവോനോട് സംസാരിക്കണം, അങ്ങനെ അവരെ അവിടെനിന്നു വിടുവിച്ചു, അബ്രഹാമിനോടും യിസ്ഹാക്കിനോടും ദൈവം വാഗ്ദത്തം ചെയ്തതുപോലെ നീ അവരെ പാലും തേനും ഒഴുകുന്ന കനാൻ ദേശത്തേക്ക് നയിക്കണം. ഈ ദൗത്യം ഞാൻ നിന്നെ ഏല്പിക്കുന്നു."

തുടക്കത്തിൽ മടിച്ചുനിന്ന മോശെ, അവന്റെ വിശ്വാസമില്ലായ്മയും, സംസാരിക്കുമ്പോഴുള്ള വിക്കും മന്ദഗതിയിലുള്ള സംസാരം എന്നിവ ചൂണ്ടിക്കാണിച്ചുകൊണ്ട് ദൈവത്തോട് ചോദ്യങ്ങൾ ചോദിച്ചു. പക്ഷെ ദൈവം അവന് ഉറപ്പു നൽകിക്കൊണ്ട് പറഞ്ഞത്: "ഫറവോന്റെ അടുക്കൽ പോകുക, ഞാൻ നിന്നോടുകൂടെ ഉണ്ട്. നിന്റെ സഹോദരനായ അഹരോനെയും കൂടെ കൂട്ടുക, അവൻ നിനക്കുവേണ്ടി സംസാരിക്കും."

ചില സമയങ്ങളിൽ, ദൈവം നമ്മെ പ്രത്യേക വഴികളിലൂടെ നയിക്കുമ്പോൾ, നമ്മുടെ സ്വാർത്ഥതയോടെയുള്ള പ്രവർത്തനങ്ങളെ ദൈവം തടസ്സപ്പെടുത്തുമ്പോൾ നാം മോശെയെപ്പോലെ ഒഴികഴിവുകൾ പറയുന്നു.

എന്നിരുന്നാലും മോശെ ദൈവത്തെ അനുസരിച്ചു യിസ്രായേല്യരെ വിടുവിക്കാനുള്ള ദൗത്യം സ്വീകരിച്ചു. ദൈവം മോശെയോടു സുഹൃത്തുക്കളെപ്പോലെ മുഖാമുഖം സംസാരിച്ചു (പുറപ്പാട് 33:11). അത്ഭുതങ്ങളും അതിശയങ്ങളും പ്രവർത്തിച്ചുകൊണ്ട് മോശെ യിസ്രായേല്യരെ മിസ്രയീമിൽനിന്നും വിടുവിച്ച് ചെങ്കടൽ കടത്തി.

പുറപ്പാട് 1 മുതൽ 14 വയസ്സു വരെയുള്ള അദ്ധ്യായങ്ങളിൽ നാം ഇതു വായിക്കുന്നു. പക്ഷെ, യിസ്രായേല്യരെ വിട്ടയച്ചശേഷം അവരെ പിന്തുടരുവാൻ ഫറവോനു ദൈവം തോന്നിപ്പിച്ചു. മിസ്രയീമിലെ 430 വർഷങ്ങൾക്കു (നാലു തലമുറകൾ) ശേഷം യിസ്രായേല്യർ മുമ്പിൽ ചെങ്കടലിനെയും പിന്നിൽ പിന്തുടരുന്ന മിസ്രയീം സൈന്യത്തെയും അഭിമുഖീകരിച്ചു. മറ്റു രണ്ടു വശങ്ങളിലും പർവ്വതങ്ങളായിരുന്നു. അവർ നിലവിളിച്ചു.

അപ്പോൾ മോശെ ദൈവത്തെ നോക്കി. ചെങ്കടലിനെ വിഭാഗിക്കാൻ പറഞ്ഞതനുസരിച്ച് അവൻ തന്റെ വടി കടലിലേക്കു നീട്ടി. വെള്ളം രണ്ടായി പിരിഞ്ഞ് മതിൽ പോലെ നിന്നു. ഉണങ്ങിയ നിലത്തുകൂടി യിസ്രായേല്യർ മറുകരയിലേക്ക് നടന്നു. പിന്തുടർന്ന സൈന്യം മറുകര എത്തുന്നതിനുമുമ്പെ വെള്ളം ഒന്നായി, അവരെല്ലാം നശിച്ചുപോയി. ദൈവം തന്റെ ശക്തി വെളിപ്പെടുത്തി.

അങ്ങനെ രക്ഷകനായി ദൈവം തിരഞ്ഞെടുത്ത മോശെ യിസ്രായേൽ ജനത്തെ ചെങ്കടൽ കടത്തി രക്ഷിച്ചു.

## 2. ഒത്നിയേൽ

ന്യായാധിപന്മാർ 3:1-11 വരെയുള്ള ഭാഗങ്ങളിൽ വിവരിക്കുന്നതുപോലെ ദൈവത്തിന്റെ അത്ഭുതങ്ങൾ കാണുകയും അനുഭവിക്കുകയും ചെയ്ത യിസ്രായേല്യർ കനാനിലെ

06-ാം പേജിൽ തുടരും...

नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।
माध्यम: हिन्दी
सदस्यता के लिए पंजीकृत उम्मीदवार - ATA
सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 54 वर्षों से सेवारत वरिष्ठ पासवान
Certificate in Ministry
Diploma in Theology
योग्यता 10 वी या अधिक
जल्दी करें!
Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
✶ ऑनलाइन कक्षाएं उपलब्ध हैं ✶

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

*ഏപ്രിൽ 19* ⇨ സുവിശേഷം എത്തിച്ചേരാത്ത പല ഭാഷകളിലുള്ള ജനങ്ങളിലേക്ക് നമ്മുടെ യുട്യൂബ് ശുശ്രൂഷ എത്തിച്ചേരാൻ സഹായിച്ചതിനായി.

*ഏപ്രിൽ 20* ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സുകൾ എന്നിവയെ അനുഗ്രഹിച്ചതിനായി.

*ഏപ്രിൽ 21* ⇨ വിളിയുടെ പ്രതിധ്വനിയുടെ ജീവനക്കാരെയും കുടുംബത്തെയും കാത്തുസൂക്ഷിച്ചതിനായി.

*ഏപ്രിൽ 22* ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

*ഏപ്രിൽ 23* ⇨ 2024 മാർച്ച് 02-ാം തീയതി നടന്ന സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ വാർഷികാഘോഷങ്ങളെ അനുഗ്രഹിച്ചതിനായി.

*ഏപ്രിൽ 24* ⇨ 2024 മാർച്ച് 03-ാം തീയതി നടന്ന പരീക്ഷ എഴുതുന്നവർക്കായുള്ള യോഗം അനുഗ്രഹിച്ചതിനായി.

*ഏപ്രിൽ 25* ⇨ സഭയുടെ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ ആവേശത്തോടെ പങ്കെടുക്കുന്നു അതിനായി.

*ഏപ്രിൽ 26* ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ പൊതുപരീക്ഷയിലെ ഉന്നത വിജയത്തിനായി.

*ഏപ്രിൽ 27* ⇨ ഞങ്ങളുടെ സഭകൾ, സണ്ടേസ്കൂൾ, യുവജനം, സ്കൂൾ ശുശ്രൂഷ എന്നീ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി.

*ഏപ്രിൽ 28* ⇨ നെഹെമ്യ ബൈബിൾ കോളേജിന് ഏഷ്യ തിയോളജിക്കൽ സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുവാനുള്ള വിലയിരുത്തൽ സംഘത്തിന്റെ സന്ദർശനത്തിന്റെ അനുഗ്രഹത്തിനായി.

*ഏപ്രിൽ 29* ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

*ഏപ്രിൽ 30* ⇨ **വിളിയുടെ പ്രതിധ്വനി**യുടെ 16 ഭാഷകളിലെ മാസിക സുവിശേഷ അച്ചടിശാലയിൽ അച്ചടിച്ചു വിതരണം ചെയ്യാൻ അനുഗ്രഹിച്ചതിനായി.

*മെയ് 01* ⇨ 2023-2024 സാമ്പത്തിക വർഷത്തിന്റെ അനുഗ്രഹങ്ങൾക്കായി.

*മെയ് 02* ⇨ അസ്സോസിയേറ്റ് എഡിറ്റർമാർ, കോഡിനേറ്റർമാർ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

*മെയ് 03* ⇨ മിഷണറി പ്രവർത്തകരുടെ പ്രതിബദ്ധതക്കായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

*മെയ് 04* ⇨ നിലവിലുള്ള തീവ്ര കാലാവസ്ഥയിൽനിന്ന് ലോകം വിടുവിക്കപ്പെടുവാൻ.

*മെയ് 05* ⇨ ഈ ലോകത്തിൽ നിസ്വാർത്ഥമായി കുഞ്ഞുങ്ങളെ വളർത്തുന്ന അമ്മമാർക്കായി.

*മെയ് 06* ⇨ യിസ്രായേൽ, പാലസ്തീൻ, റഷ്യ, ഉക്രെയിൻ എന്നിവിടങ്ങളിൽ സമാധാനം പുനഃസ്ഥാപിക്കപ്പെടുവാൻ.

*മെയ് 07* ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥയുടെ വിജയകരമായ പൂർത്തീകരണത്തിനായി.

*മെയ് 08* ⇨ ഈ പുതിയ സാമ്പത്തിക വർഷത്തിൽ ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശത്തിനായി.

*മെയ് 09* ⇨ പാസ്റ്റർ ജോണിയുടെ ദുഃഖത്തിൽ കഴിയുന്ന കുടുംബത്തിന്റെ ദിവ്യസാന്ത്വനത്തിനായി.

*മെയ് 10* ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലക്കും അതിന്റെ പ്രവർത്തനങ്ങൾക്കുമായി.

*മെയ് 11* ⇨ ഞങ്ങളുടെ എ.ടി.എ. അംഗീകാര പ്രക്രിയയുടെ ദൈവീക അനുഗ്രഹത്തിനായി.

*മെയ് 12* ⇨ ഞങ്ങളുടെ സ്ഥാപനങ്ങളിയെ ജീവനക്കാർ തമ്മിലുള്ള ഐക്യത്തിനും ഒത്തൊരുമക്കുമായി.

*മെയ് 13* ⇨ 2024 ജൂൺ 01 നു ക്രമീകരിച്ചിരിക്കുന്ന നെഹെമ്യ ബൈബിൾ കോളേജിന്റെ ചടങ്ങിന്റെ വിജയത്തിനായി.

*മെയ് 14* ⇨ 2024-25 അദ്ധ്യയന വർഷത്തിൽ യോഗ്യരായ വിദ്യാർത്ഥികൾ നെഹെമ്യ ബൈബിൾ കോളേജിന്റെ റസിഡൻഷ്യൽ, സായാഹ്ന കോഴ്സുകളിൽ പ്രവേശനം നേടുവാനായി.

*മെയ് 15* ⇨ 2024-25 അദ്ധ്യയന വർഷത്തിൽ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ പുതിയ വിദ്യാർത്ഥികൾ കടന്നു വരുവാൻ.

*മെയ് 16* ⇨ ദീർഘനാളത്തെ ആശുപത്രിവാസവും മാരക രോഗങ്ങളുമായി കഴിയുന്ന രോഗികൾക്കായി.

*മെയ് 17* ⇨ ദൈവത്തെ ഭയപ്പെടുന്ന ലോക നേതാക്കൾ രാജ്യങ്ങളിലെ ഭരണത്തിൽ കടന്നുവരുവാൻ.

*മെയ് 18* ⇨ ശുശ്രൂഷകൾക്കും മിഷണറി പ്രവർത്തകർക്കുമെതിരായ അക്രമങ്ങൾ അവസാനിക്കുവാനായി.

...4-ാം പേജിന്റെ തുടർച്ച

അന്യദൈവങ്ങളെ ആരാധിച്ചു, പാപം ചെയ്തു. ദൈവകോപം അവരുടെമേൽ വീണു, അവരെ മൊസൊപൊത്താമ്യയിലെ രാജാവായ കൂശൻ രീശാഥയീമിനു വിറ്റുകളഞ്ഞു. അവർ എട്ടു വർഷം അടിമകളായി കഷ്ടതയനുഭവിച്ചു.

യെശയ്യാവു 54:7 ൽ പറഞ്ഞിരിക്കുന്നതുപോലെ **അല്പനേരത്തേക്കുമാത്രം ഞാൻ നിന്നെ ഉപേക്ഷിച്ചു; എങ്കിലും മഹാകരുണയോടെ ഞാൻ നിന്നെ ചേർത്തുകൊള്ളും.** പാപം ചെയ്തവർ അനുതപിക്കുകയാണെങ്കിൽ ദൈവം അവരെ വിടുവിക്കും. **എന്നാൽ യിസ്രായേൽ മക്കൾ യഹോവയോടു നിലവിളിച്ചപ്പോൾ യഹോവ കാലേബിന്റെ അനുജനായ കെനസിന്റെ മകൻ ഒത്നിയേലിനെ യിസ്രായേൽ മക്കൾക്കു രക്ഷകനായി എഴുന്നേല്പിച്ചു; അവൻ അവരെ രക്ഷിച്ചു. അവന്റെ മേൽ യഹോവയുടെ ആത്മാവു വന്നു; അവൻ യിസ്രായേലിനു ന്യായാധിപനായി യുദ്ധത്തിന്നു പുറപ്പെട്ടാറെ യഹോവ മെസൊപെത്താമ്യയിലെ രാജാവായ കൂശൻ രിശാഥയീമിനെ അവന്റെ കൈയ്യിൽ ഏൽപ്പിച്ചു; അവൻ കൂശൻ രിശാഥയീമിനെ ജയിച്ചു** (ന്യായാധിപന്മാർ 3:9). പിന്നീട് 40 വർഷത്തേക്ക് യിസ്രായേലിൽ സമാധാനം കളിയാടി.

## 3. ഗിദയോൻ

നമ്മുടെ ശ്രദ്ധ ഗിദയോനിലേക്ക് തിരിക്കാം. യിസ്രായേല്യർ തിന്മ ചെയ്തപ്പോൾ ഏഴു വർഷത്തേക്ക് ദൈവം അവരെ മിദ്യാന്യരുടെ പക്കൽ ഏല്പിച്ചു (ന്യായാധി. 6:1).

മിദ്യാന്യരും അമാലേക്യരും കിഴക്കുള്ളവരും യിസ്രായേല്യരുടെ വിളകളെയും കന്നുകാലികളെയും വെട്ടുക്കിളിപോലെ കൂട്ടമായി വന്ന് നശിപ്പിച്ചുകളയും. ദുഃഖിതരായ യിസ്രായേല്യർ മലകളിലെ ഗുഹകളിലും പൊത്തുകളിലും അഭയം തേടി (ന്യായാധി. 6:2,4,5). അവരുടെ കഷ്ടതയിൽ അവർ നിലവിളിച്ചു. ദൈവം ഒരു പ്രവാചകനെ അയച്ചു, അവരെ മിസ്രയീമിൽനിന്നും വിടുവിച്ചതിന്റെയും മറ്റു വിടുതലിന്റെയും ചിത്രം നൽകിയിട്ട് അമ്മോര്യരുടെ ദൈവങ്ങളെ ഭയപ്പെടരുത് എന്നു പറഞ്ഞു (ന്യായാധി. 6:8-10).

തന്റെ ജനം വഴിതെറ്റിപ്പോയപ്പോഴും അവരുടെ നിലവിളി ശ്രവിച്ച് വിടുതലിനായി തിരഞ്ഞെടുത്ത ഒരാളെ ദൈവം അയച്ചു.

കർത്താവിന്റെ ശബ്ദം കേൾക്കുന്നതിൽ നാം പരാജയപ്പെട്ടുപോകുന്നു. എന്നിരുന്നാലും നമുക്ക് കഷ്ടതകൾ വരുമ്പോൾ, നാം അവനോടു നിലവിളിക്കുന്നു, അവന്റെ കരുണയാൽ അവൻ നമ്മുടെ കഷ്ടതകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നു.

യിസ്രായേലിന്റെ വിടുതലിനായി ദൈവം ഒരു ദൂതനെ അയച്ചു. അവൻ ഒഫ്രയിൽ അബിയേസ്യനായ യോവാശിന്റെ കരുവേലകത്തിന്റെ കീഴിൽ ഇരുന്നു. അവന്റെ മകനായ ഗിദയോൻ കോതമ്പു മിസ്രയീമ്യരുടെ കൈയ്യിൽ പെടാതിരിക്കാൻ മുന്തിരിച്ചക്കിന്റെ അരികിൽ വച്ചു മെതിക്കയായിരുന്നു. കർത്താവിന്റെ ദൂതൻ ഗിദെയോനെ വീരനായ മനുഷ്യൻ എന്നു അഭിസംബോധന ചെയ്തു. മറുപടിയായി, കർത്താവ് അവരോടൊപ്പമുണ്ടെങ്കിൽ ഇത്തരം പ്രശ്നങ്ങൾ എങ്ങനെയാണ് ഉണ്ടാകുക? എന്ന് ഗിദെയോൻ ചോദിച്ചു. അവരുടെ പൂർവ്വികന്മാർക്ക് ലഭിച്ച അത്ഭുതങ്ങളിൽ അവൻ സംശയവും പ്രകടിപ്പിച്ചു.

മോശെയെപ്പോലെതന്നെ ഗിദെയോനും ആദ്യം ഒഴികഴിവുകൾ പറഞ്ഞു എങ്കിലും യിസ്രായേലിനെ മിദ്യാന്യരിൽനിന്നും വിടുതൽ ചെയ്യുവാനുള്ള തന്റെ ദൗത്യത്തെ അംഗീകരിപ്പിച്ചു. **യഹോവ അവനോടു: ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ മിദ്യാന്യരെ ഒരു ഒറ്റ മനുഷ്യനെപ്പോലെ തോല്പിക്കും എന്നു കല്പിച്ചു** (ന്യായാധിപന്മാർ 6:16).

ഗിദെയോന് വിശ്വാസം വരാതെ ദൈവത്തോടു ഒരു അടയാളം ചോദിച്ചു. നിരവധി അടയാളങ്ങൾക്ക് സാക്ഷ്യം വഹിച്ചശേഷം ഗിദയോനും അവന്റെ ആളുകളും മിദ്യാന്യരുമായി യുദ്ധത്തിലേർപ്പെട്ടു.

അനേകം പടയാളികളുമായി യുദ്ധത്തിനു പോയാൽ വിജയത്തിന്റെ അവകാശം യിസ്രായേല്യർ ഏറ്റെടുക്കുമെന്ന് ദൈവം അവനു മുന്നറിയിപ്പു നൽകിയിരുന്നു. അതിനാൽ ഗിദെയോൻ കർത്താവിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം പരീക്ഷണങ്ങൾ നടത്തി 300 പേരെ മാത്രം നിലനിറുത്തിയിട്ട് ബാക്കിയുള്ളവരെ അവരുടെ കൂടാരങ്ങളിലേക്ക് പറഞ്ഞയച്ചു (7:8).

മിദ്യാന്യരുടെ പാളയം താഴ്വരയിൽ മറഞ്ഞിരിക്കുകയായിരുന്നു. അന്നു രാത്രി വിജയം ഉറപ്പിച്ചുകൊണ്ട് താഴ്വരിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ദൈവം ഗിദെയോനോട് കല്പിച്ചു. **എന്നാൽ മിദ്യാന്യരും അമാലേക്യരും കിഴക്കു ദേശക്കാരൊക്കെയും വെട്ടുക്കിളി എന്നപോലെ അസംഖ്യമായി താഴ്വരയിൽ കിടന്നിരുന്നു; അവരുടെ ഒട്ടകങ്ങളും കടൽക്കരയിലെ മണൽപോലെ അസംഖ്യം ആയിരുന്നു** (ന്യായാധിപന്മാർ 7:12).

അപ്പോഴും ലേശം ഭയത്തിലായിരുന്ന ഗിദെയോനോട് പാളയത്തിലെ സംഭാഷണം ശ്രദ്ധിക്കുവാൻ കർത്താവ് പറഞ്ഞു. അവരുടെ സംഭാഷണത്തിൽനിന്നും ഒരു യവയപ്പം ഉരുണ്ടുവന്ന് മിദ്യാന്യരുടെ കൂടാരത്തെ മറിച്ചിട്ടു എന്ന് ഒരാൾ മറ്റൊരാളോട് പറയുകയായിരുന്നു (ന്യായാധിപന്മാർ 7:10-13).

ഗിദെയോൻ തന്റെ കൂടെയുള്ളവരെ മൂന്നു കൂട്ടമായി വിഭജിച്ചു, അവർക്ക് കാഹളം, ഒഴിഞ്ഞ കുടങ്ങൾ, പന്തങ്ങൾ എന്നിവ ആയുധമായി നൽകി. ഒരേ സമയം തന്നെ കുടങ്ങൾ ഉടച്ച്, കാഹളങ്ങൾ ഊതി **യഹോവയ്ക്കും ഗിദെയോനുംവേണ്ടി വാൾ എന്നു ആർത്തു** (ന്യായാധിപന്മാർ 7:20).

പരമ്പരാഗതമായ ആയുധങ്ങൾ ഇല്ലാതിരുന്നിട്ടും സ്തുതി നിറഞ്ഞ ആർപ്പുവിളികൾ വലിയ ഒരു വിജയത്തിലേക്ക് നയിച്ചു. ശത്രുക്കൾ ഭയന്ന് ഓടി പരസ്പരം വെട്ടി നശിച്ചു (ന്യായാധിപന്മാർ 7:22). ദൈവത്തിൽ നിന്നുള്ള ദാനമായ ഈ വിജയത്തോടെ ഗിദെയോൻ യിസ്രായേലിന്റെ രക്ഷകനായി അംഗീകരിക്കപ്പെട്ടു, സമാധാനത്തിന്റെ 40 വർഷങ്ങളുടെ ആരംഭവും കുറിക്കപ്പെട്ടു.

നമ്മുടെ പ്രശ്നങ്ങളുടെ മദ്ധ്യേ ദൈവത്തെ സ്തിക്കുമ്പോൾ മാറ്റത്തിന്റെ ശക്തി ഉണ്ടാകുകയും സങ്കടങ്ങൾ സന്തോഷമായി മാറുകയും ചെയ്യും.

ദൈവം തന്റെ ജനത്തിന്റെ നിലവിളികളോട് പ്രതികരിക്കുന്നു എന്ന് ഒരു രക്ഷകനെന്ന നിലയിലുള്ള ഗിദെയോന്റെ പങ്ക് വെളിപ്പെടുത്തുന്നു. വലിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഒരു രക്ഷകനെ അയച്ച് നമ്മെ സംരക്ഷിക്കുവാനും വിടുവിക്കുവാനും നമ്മുടെ പ്രാർത്ഥനകൾ ദൈവത്തെ പ്രേരിപ്പിക്കുന്നു.

ദുഃഖത്തോടൊപ്പം കണ്ണുനീരും വരുമ്പോൾ യെശയ്യാവ് 41:10 ൽ പറഞ്ഞിരിക്കുന്ന ആശ്വാസ വചനങ്ങൾ "ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെ ഉണ്ട്" എന്നും യെശയ്യാവ് 43:4 ൽ പറഞ്ഞിരിക്കുന്നതുപോലെ "നീ എനിക്കു വിലയേറിയവനും മാന്യനും ആകുന്നു" എന്നത് സാന്ത്വനവും പ്രചോദനവും നൽകുന്നു.

നാം ഒറ്റയ്ക്കു യാത്ര ചെയ്യുമ്പോൾ എന്തെങ്കിലും അസ്വസ്ഥതകൾ ഉണ്ടാകുകയാണെങ്കിൽ ദൈവം ഏതെങ്കിലും സഹയാത്രികനിലൂടെ നമ്മുടെ രക്ഷകനായിത്തീരും. രോഗിയായി ആശുപത്രിയിൽ അഡ്മിറ്റ് ആയിരിക്കുമ്പോൾ ഏതെങ്കിലും ഡോക്ടർമാരോ നഴ്സുമാരോ നമ്മുടെ സഹായകരായി എത്തുന്നു. അത് ദൈവം അയക്കുന്ന രക്ഷകരാണ്. നമ്മിൽ പലരും ജീവിതത്തിൽ ഇത്തരം ദൈവീക ഇടപെടലുകൾ അനുഭവിച്ചിട്ടുള്ളവരാണ്.

കർത്താവ് നമ്മുടെ വലതുവശത്ത് തണലായി വർത്തിച്ച് സംരക്ഷണം നൽകുന്നു.

9-ാം പേജിൽ തുടരും...

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | |
| 08. | ക്രൂസേഡുകൾ | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 17. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 18. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.00 മണി |
| 19. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 20. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 21. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 22. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 23. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 24. | രാത്രി പ്രാർത്ഥന | – രണ്ടാം വെള്ളി രാത്രി 9.30 മണി |
| 25. | ഉപവാസ പ്രാർത്ഥന | – ആദ്യ ശനി രാവിലെ 9.30 മണി |
| 26. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 27. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി |
| 28. | ജീവനക്കാരുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 29. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## *വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ*

### *1. ബൈബിൾകോർ*

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### *2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്*

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2957,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

**JESUS CHRIST IS THE SAME YESTERDAY, TODAY, AND FOREVER**


**CAST YOUR BURDEN ON THE LORD, AND HE SHALL SUSTAIN YOU... (PSALM 55:22)**

1963 ൽ ക്രിസ്തുമതത്തോടുള്ള എന്റെ എതിർപ്പിന്റെ മദ്ധ്യേ എന്റെ ജീവിതത്തെ മാറ്റിമറിച്ച ഒരു കണ്ടുമുട്ടൽ യേശുക്രിസ്തുവുമായി എനിക്ക് ഉണ്ടായി. ഈ കണ്ടുമുട്ടൽ എന്നെ മാനസാന്തരത്തിലേക്ക് നയിക്കുകയും എന്റെ പഴയ സുഹൃത്തുക്കളോട് അകൽച്ച ഉണ്ടാകുകയും അവർ എന്നെ ഉപദ്രവിക്കാൻ ശ്രമിച്ചു. എന്നിരുന്നാലും കർത്താവ് എന്നെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തു രക്ഷിച്ചു.

കർത്താവിൽനിന്നുള്ള നിരവധി വാഗ്ദാനങ്ങളുടെ പിൻബലത്തോടെ 1971ൽ ഞാൻ ചെന്നൈയിലേക്ക് താമസം മാറി. ചെന്നൈയിലുള്ള എന്റെ ആദ്യദിനം വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ഒരു പരിചയക്കാരുമില്ലാതെ തെരുവിൽ കഴിയുവാൻ ഞാൻ നിർബന്ധിതനായി. ഭയം കൊണ്ട് ഞാൻ രാത്രി മുഴുവനും ഉറങ്ങാതിരുന്നു.

പുലർച്ചെ 2.00 മണിക്ക് രണ്ടു പോലീസുകാർ വന്ന് വിവരം തിരക്കി. എന്റെ കുടുംബ പശ്ചാത്തലവും കർത്താവ് എന്റെ ജീവിതത്തെ മാറ്റിമറിച്ചതും ഞാൻ വിവരിച്ചു. എന്നിൽ ഒരു തെറ്റും അവർ കണ്ടെത്തിയില്ല എങ്കിലും രാത്രിയിൽ തെരുവിൽ കഴിയുന്നതെന്തിനാണെന്ന് ചോദിച്ചു. ഒരു പോലീസുകാരൻ എന്നെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകാമെന്നു പറഞ്ഞപ്പോൾ മറ്റെയാൾ ഞാൻ മാന്യമായ പശ്ചാത്തലത്തിൽ നിന്നാണ് വരുന്നത് എന്നു പറഞ്ഞു.

പിന്നീട് എന്നെ നോക്കിയിട്ട് "എന്റെ കൂടെ വരൂ" എന്നു പറഞ്ഞു. അവർ എന്നെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയി, മറ്റു ജോലിക്കാരോടൊപ്പം എനിക്ക് ഒരു ഗാരേജിൽ താമസമൊരുക്കി. എന്റെ ക്ഷേമം ഉറപ്പാക്കിയിട്ട് എന്നോടു പറഞ്ഞു: "മികച്ച ജീവിതം ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഇത് സുരക്ഷിതവും അനുയോജ്യവുമായ സ്ഥലമാണ്. എങ്ങനെയെന്ന് എനിക്ക് അറിയില്ല എങ്കിലും നിങ്ങളെ സഹായിക്കാൻ എനിക്ക് വലിയ ആഗ്രഹം തോന്നുന്നു" എന്നും കൂട്ടിച്ചേർത്തു. "എല്ലാ രാത്രിയിലും ഈ ഗാരേജിൽ വരുന്ന ഒരു പാമ്പുണ്ട്. ഇതുവരെ അത് ആരെയും ഉപദ്രവിച്ചിട്ടില്ല, അതുകൊണ്ട് പേടിക്കാനൊന്നുമില്ല. പാമ്പിനെ കാണുകയാണെങ്കിൽ അനങ്ങാതിരിക്കുക.



നിന്നെ നയിക്കുന്ന സ്വർഗ്ഗീയ ശക്തി നിന്നെ സംരക്ഷിക്കും." പിന്നീട് ഒരിക്കലും ഞാൻ ഈ പോലീസ് ഉദ്യോഗസ്ഥനെ കണ്ടിട്ടില്ല.

നേരം പുലർന്നപ്പോൾ ഞാൻ വല്ലാത്ത ഒരു അവസ്ഥയിലായിരുന്നു. ഒരു കടുവയെ നേരിടാൻ ഞാൻ ഒരു കുഴിയിൽ നിൽക്കുന്നതായുള്ള പേടിപ്പെടുത്തുന്ന അവസ്ഥ. രാത്രിയുള്ള പാമ്പിന്റെ സന്ദർശനമോർത്തപ്പോൾ ഞാൻ ഒരു പാത്രം വെള്ളമെടുത്ത് പ്രാർത്ഥിച്ച് "യേശുക്രിസ്തുവിന്റെ രക്തത്താൽ ജയം" എന്നു പറഞ്ഞുകൊണ്ട് ആ ഗാരേജിനു ചുറ്റും തളിച്ചു. ഞാൻ അവിടെ താമസിച്ച സമയമത്രയും ഒരു പ്രാണിയോ പാമ്പോ അവിടെ വന്നില്ല എന്നുള്ളത് ശ്രദ്ധേയമാണ്. അത് ഒരു സുരക്ഷാ സങ്കേതമായി മാറി.

ഞാൻ അവിടെ ഗാരേജിൽ ഉണ്ടായിരുന്ന സമയം കൊണ്ട് ഞാൻ നിരവധി പോലീസ് ഉദ്യോഗസ്ഥരുമായി സൗഹൃദം സ്ഥാപിച്ചു. അവരുടെ പ്രയാസങ്ങളെയും പിരിമുറുക്കങ്ങളെയുംകുറിച്ചു എന്നോട് അവർ തുറന്നു സംസാരിച്ചു. ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ പലരും ആശ്വാസം കണ്ടെത്തുകയും ചിലർ യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. ആ സ്ഥലത്ത് ദൈവീകസാന്നിദ്ധ്യം പ്രകടമായിരുന്നതിനാൽ എന്നോട് അവർ വളരെ കരുതലോടും ബഹുമാനത്തോടും പെരുമാറി, അത് വിവരണാധീതമായ സന്തോഷവും സുരക്ഷയും പ്രദാനം ചെയ്തു.

കർത്താവ് എന്നെ മറ്റൊരു സ്ഥലത്തേക്ക് നയിക്കുകയും ഒരു വീട് വാടകയ്ക്ക് എടുക്കാൻ സഹായിക്കുകയും ചെയ്തു. ദൈവം കരുണയുള്ളവനാണ്. ദൈവത്തിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർക്ക് ഒരു കുറവും ഉണ്ടാകുകയില്ല. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും മാറ്റമില്ലാത്തവനാണ്. അവൻ നിങ്ങളുടെ ജീവിതത്തിൽ അസാധരണമായ അത്ഭുതങ്ങൾ നൽകും.

*എന്റെ മരുഭൂയാത്ര എന്നെ തളർത്തുമ്പോൾ*

*ആശ്വസിപ്പിക്കുകയും അനുഗ്രഹിക്കുകയുംചെയ്യുന്ന പ്രീയന്റെ ശബ്ദം ഞാൻ കേൾക്കുന്നു*

*ചെങ്കടൽ എനിക്കെതിരെ ഉയർന്നുവന്നാലും*

*കർത്താവ് എന്നെ രക്ഷിക്കയും വഴി കാണിക്കയും ചെയ്യും*

*അവൻ ഉറപ്പായും എന്നെ വിടുവിക്കയും പുതുശക്തി പ്രദാനം ചെയ്യുകയും*

*എന്റെ എല്ലാ എതിരാളികളെയും പരാജയപ്പെടുത്താനും നശിപ്പിക്കാനും.*

*... 6-ാം പേജിന്റെ തുടർച്ച*

അവന്റെ മുഖത്തേക്കു നോക്കുന്നവർ പ്രകാശിതരായിത്തീരുന്നു. നമുക്ക് തെറ്റുകൾ ഉണ്ടെങ്കിൽ, നാം അവയെ അംഗീകരിച്ച്, ദൈവത്തോടു ഏറ്റുപറഞ്ഞ് അനുരഞ്ജനം പ്രാപിച്ച്, മനസ്സാക്ഷിക്കനുസരിച്ച് ജീവിക്കണം.

മോശെയ്ക്കു മുമ്പുള്ള കാലഘട്ടം മനസ്സാക്ഷിയുടെ കാലമായിരുന്നു. അതിനുശേഷം, മോശെയിലൂടെ ദൈവം നിയമങ്ങളും കല്പനകളും നൽകി നീതിപൂർവ്വമായ ജീവിതത്തിലേക്ക് നമ്മെ നയിക്കുന്നു.

**ഇനി നമുക്ക് യോനയുടെ കഥയിലേക്കു കടക്കാം.**

## 4. യോന

വേദപുസ്തകത്തിലെ ഒരു പ്രവാചകനായ യോനയെ ദൈവം നിനെവയിലെ ജനങ്ങളുടെ ദുഷ്ടതകളെക്കുറിച്ച് മുന്നറിയിപ്പു നൽകുവാൻ നിയോഗിച്ചു. ദൈവത്തെ അനുസരിക്കാതെ അവൻ തർശീശിലേക്ക് കപ്പൽ കയറി. ഈ അനുസരണക്കേട് കാലാവസ്ഥ മാറ്റത്തിനും കൊടുങ്കാറ്റിനും ഇടയാക്കി.

യോനയുടെ അനുസരണക്കേട് മനസ്സിലാക്കിയ കപ്പലിലെ സഹയാത്രികർ അവനെ സമുദ്രത്തിലേക്ക് എറിഞ്ഞുകളഞ്ഞു. പക്ഷെ ദൈവം അവിടെയും രക്ഷകനായി ഒരു തിമിംഗലത്തെ നിയമിച്ചു. ആ മത്സ്യം അന്റെ രക്ഷകനായി, അവനെ വിഴുങ്ങിക്കളഞ്ഞു. മൂന്നു ദിവസത്തിനുശേഷം മത്സ്യം അവനെ നിനവെയുടെ ഉണങ്ങിയ നിലത്തിൽ ഛർദ്ദിച്ചു കളഞ്ഞു.

തന്റെ തെറ്റിൽ നിന്നും പഠിച്ച പാഠവുമായി നിനെവയിലെ ജനങ്ങളോട് അവരുടെ പാപങ്ങളിൽനിന്നും പിന്തിരിയാൻ പ്രേരിപ്പിക്കുകയും അവർ അനുതപിക്കുകയും ചെയ്തു. യോന അവരുടെ രക്ഷകനായി മാറി.

ദൈവത്തെ അനുസരിക്കാത്ത ഭരണാധികാരുടെ കീഴിൽ കഷ്ടതയനുഭവിച്ചവരെയും അനുസരണക്കേടുമൂലമുള്ള അനന്തരഫലങ്ങൾ അനുഭവിക്കുന്നവരെയും, നാം ഇതുവരെ നേരിട്ട എല്ലാ രക്ഷകരിലൂടെ ദൈവം രക്ഷയിലേക്ക് നയിച്ചു. ഈ രക്ഷകർ മരിക്കുകയും അടക്കപ്പെടുകയും ചെയ്തു എങ്കിലും ജനങ്ങൾ തങ്ങളുടെ പാപപ്രവർത്തനങ്ങൾ തുടർന്നു. തൽഫലമായി ദൈവം തന്റെ സ്വന്തം പുത്രനെ മാനുഷരൂപത്തിൽ ഭൂമിയിലേക്ക് അയച്ചു. പാപരഹിതനായ യേശുക്രിസ്തു ചാട്ടവാറടിയേറ്റു, കുരിശു ചുമന്നു, രക്തം ചൊരിഞ്ഞു, ക്രൂശിക്കപ്പെട്ടു, നമ്മുടെ പാപങ്ങൾക്കായി അർപ്പിക്കപ്പെട്ടു. കല്ലറയിൽ അടക്കപ്പെട്ട യേശു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു നമ്മോടൊപ്പം ജീവിക്കുന്നു. നാം സ്വർഗ്ഗത്തിലെത്തുന്നതുവരെ അവൻ നമ്മെ നമ്മെ നയിക്കുകയും തിരുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നു. നിത്യമായ ജീവിതത്തിന്റെ പ്രതീകമായി അവന്റെ കല്ലറ ഇപ്പോഴും തുറന്നു തന്നെ ഇരിക്കുന്നു.

നമുക്ക് തെറ്റുകൾ ഉണ്ടെങ്കിലും നമ്മുടെ രക്ഷകനായ യേശുക്രിസ്തു നമ്മെ നയിക്കുകയും തിരുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നു. നാം സ്വർഗ്ഗത്തിൽ എത്തുന്നതുവരെയും നമ്മെ നയിക്കുകയും നമ്മെ നിരീക്ഷിക്കുകയും ചെയ്യുന്നു.

സ്നേഹമുള്ള ഓരോ വായനക്കാരോടും ഒരു പ്രധാന കാര്യം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. **ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു അടുത്തു വരും** (യാക്കോബ് 4:8).

കൂടാതെ, തന്നെ ആത്മാർത്ഥമായി പിന്തുടരുന്നവർക്കും അവന്റെ കല്പനകളെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നവർക്കു അനവധി അനുഗ്രഹങ്ങൾ അവൻ വാഗ്ദത്തം ചെയ്തിട്ടുണ്ട്. **എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിന്നും ന്യായം വിധിക്കും എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു** (മത്തായി 19:28). ഈ ശ്രദ്ധേയമായ അനുഗ്രഹം വേറെ ആർക്കു ലഭിക്കും?

ഈ പാപം നിറഞ്ഞ ലോകത്തിൽ പാപത്തിൽ ജനിച്ച വ്യക്തികൾ എന്ന നിലയ്ക്ക് നമ്മെ വിശുദ്ധരാക്കി മാറ്റുന്ന ഈ രക്ഷകനെ നാം ആത്മാർത്ഥമായി പിന്തുടരണം. അവന്റെ അരികിൽ സിംഹാസനങ്ങളിൽ ഇരിക്കുവാനും ന്യായാധിപന്മാരായി ജീവിക്കാനും കഴിയുന്ന ഒരു ഭാവി വിഭാവനം ചെയ്തുകൊണ്ട് നമുക്ക് അവനുവേണ്ടി വിശുദ്ധ ജീവിതം നയിക്കാം. നമുക്ക് സ്വയം പ്രതിജ്ഞാബദ്ധരായി ഈ അസാധാരണ ജീവിതത്തിന്നു യോഗ്യത നേടാം. നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തനാണ്, അതിനാൽ സ്വയം വിശുദ്ധിയിൽ നടക്കുക (1 പത്രൊസ് 1:15). ഞാൻ വിശുദ്ധനായിരിക്കയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ (1 പത്രൊസ് 1:16).

കർത്താവ് നിങ്ങളെ അനുഗ്രഹിക്കയും നയിക്കയും ചെയ്യട്ടെ, ആമേൻ!


# URGENT

We require approximately 1000 Hindi Christian books for **our Nehemiah Bible Colleges**. Kindly inform us about the possibility of obtaining theological Hindi books.

**Please stop sending books in English and Tamil languages.** Thank you.

- Pr. S. Sam Selva Raj, Editor
+91-98412 71858

# URGENT NEED

**PRINCIPAL & TEACHERS for**

**ST. PAUL'S MATRICULATION SCHOOL,**

**An *Echo of His Call* Institution**

**Vijayanagaram, Medavakkam, Chennai - 100.**

We need well qualified, experienced, dedicated, hard working and mission oriented Christians.

Apply with Bio-data to
E.mail: sam@echoofhiscall.org
WhatsApp: (+91) 98412 71858

# WANTED for

NEHEMIAH BIBLE COLLEGE
of ECHO OF HIS CALL, Chennai
(ATA - Registered Candidate for Membership)

**DEAN (Residential):**
Hindi Theologian with M.Div. / M.Th. Degree & experience. Boarding, Lodging and Salary will be paid.

Eligible candidates may send bio--data to:
E.mail: sam@echoofhiscall.org
WhatsApp: (+91) 98412 71858

RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ - എഡിറ്റർ

## OUR BANK DETAILS:

***1. Bank : State Bank of India***

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | S. Sam Selva Raj |
| A/C No. | : | 1023 2934 679 |
| IFSC | : | SBIN 00 00 249 |
| SWIFT CODE | : | SBI NIN BB 455 |

***2. Bank : ICICI Bank***

| | | |
|---|---|---|
| Branch | : | Anna Salai, Chennai-6 |
| Name | : | Echo of His Call |
| A/C No. | : | 6038 0502 2319 |
| IFSC | : | ICIC 000 6038 |

***3. Bank : State Bank of India***

(This Account is for Tax Exemption for Indians only )

| | | |
|---|---|---|
| Branch | : | Triplicane, Chennai-5 |
| Name | : | Echo of His Call Educational Trust |
| A/C No. | : | 1023 2923 805 |
| IFSC | : | SBIN 00 00 249 |

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/24-26
Licence No. WPP. No. TN/PMG(CCR)/WPP-221/24-26
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS / 1 Patrika Channel"
on 4th APRIL, 2024.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

***JESUS LOVES YOU!***

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**